# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 3556 — 10.04.2013-ലെ മറുപടിക്ക്

## 2012-2013 സാമ്പത്തിക വർഷത്തെ മുനിസിപ്പാലിറ്റി - കോർപ്പറേഷനുകളുടെ പദ്ധതിവിഹിതം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കോടിയേരി ബാലകൃഷ്ണൻ | ശ്രീ.മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പ് മന്ത്രി) |
| എ) 2012-2013 സാമ്പത്തിക വർഷത്തെ മുനിസിപ്പാലിറ്റി - കോർപ്പറേഷനുകളുടെ പദ്ധതി വിഹിതം എത്രയായിരുന്നു ; | എ) 2012-13 സാമ്പത്തിക വർഷം സംസ്ഥാനത്തെ കോർപ്പറേഷനുകളുടെ പദ്ധതി വിഹിതം അറ്റബാക്കി തുക 64,83,71,708/- രൂപയും ബജറ്റ് അലോക്കേഷൻ 1,65,47,81,000/- രൂപയും ഉൾപ്പെടെ ആകെ 2,30,31,52,708/- രൂപയും മുനിസിപ്പാലിറ്റികളുടെ പദ്ധതി വിഹിതം അറ്റബാക്കി തുകയായ 62,02,95,573/- രൂപയും ബജറ്റ് അലോക്കേഷൻ 1,99,21,50,000/- രൂപയും ഉൾപ്പെടെ ആകെ 2,61,24,45,473/- രൂപയുമാണ്. |
| ബി) ഇതുവരെ പ്രസ്തുതയിനത്തിൽ എന്തു തുക ചെലവഴിച്ചെന്ന് ശതമാനാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ ; | ബി) 2013 മാർച്ച് 31 വരെ കോർപ്പറേഷനുകൾ 1,45,07,83,071/- രൂപയും (62.99%) മുനിസിപ്പാലിറ്റികൾ 1,83,28,36,506/- രൂപയും (70.57%) ചെലവഴിച്ചിട്ടുണ്ട്. |
| സി) മുനിസിപ്പാലിറ്റി - കോർപ്പറേഷനുകളുടെ പദ്ധതി നിർവ്വഹണത്തിനുള്ള സമയപരിധി നീട്ടി നൽകിയിട്ടുണ്ടോ ; എന്നുവരെയാണ് നീട്ടി നൽകിയതെന്ന് വ്യക്തമാക്കുമോ ; | സി) പദ്ധതി നിർവ്വഹണം സുഗമമാക്കാൻ 60% എങ്കിലും ചെലവഴിച്ച നഗരസഭകളുടെ പദ്ധതികൾക്ക് ബാക്കി തുകയ്ക്കുള്ള പ്രവർത്തികൾ 2013-14 സാമ്പത്തിക വർഷം ചെലവാക്കാൻ സർക്കാർ അനുവാദം നൽകിയിട്ടുണ്ട്. |

(.....2)

| | |
|---|---|
| ഡി) സമയപരിധി നീട്ടി നൽകിയിട്ടില്ലെങ്കിൽ മുനിസിപ്പൽ കോർപ്പറേഷനുകൾക്ക് പ്രസ്തുതയിനത്തിൽ എത്ര തുക നഷ്ടപ്പെടുമെന്ന് വ്യക്തമാക്കുമോ ? | ഡി) പദ്ധതി നിർവ്വഹണത്തിനായി 2012-13 വർഷം സമയപരിധി നീട്ടി നൽകിയിട്ടില്ല. കണക്ക് അന്തിമമാക്കി റിപ്പോർട്ട് ചെയ്താലേ നഷ്ടപ്പെടുന്ന പണം സംബന്ധിച്ച വിവരം ലഭ്യമാകുകയുള്ളൂ. |

സെക്ഷൻ ഓഫീസർ